# ‘ജീവിതവും മരണവും ക്രിസ്തു തന്നെ’

## ഫിലിപ്പിയർ 1:21

**“എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.”**

ഇന്നു ലോകപ്രകാരം നാം നോക്കുകയാണെങ്കിൽ നമ്മെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകം എന്നു പറയുന്നത് ഈ ലോകത്തിൽ നമുക്ക് ലഭിക്കുന്ന സുഖ സമ്പന്നതയും അതോടൊപ്പം വന്നു ചേരുന്ന ഓരോരോ കാര്യങ്ങളുമാണ്. എന്നാൽ അതെല്ലാം നാം മരിച്ചു മണ്ണോട് ചേരുമ്പോൾ ഇവിടെ വിട്ടേച്ചു പോകേണ്ടതാണെന്നുള്ള ചിന്ത ഒരിക്കലും മനുഷ്യർക്ക് അത്ര പെട്ടെന്നുണ്ടാവുന്നില്ല. കാരണം മരണം എന്നത് ഒരിക്കലും ആരും ആഗ്രഹിക്കാത്ത ഒരു കാര്യമാണ്. ‘ജീവിതം ഒന്നു ആസ്വദിച്ചു കഴിഞ്ഞില്ല പിന്നെയല്ലെ മരണത്തെക്കുറിച്ചു ചിന്തിക്കുന്നത്’ എന്നൊക്കെ പറഞ്ഞ് പലപ്പോഴും നാം പിന്മാറും. എന്നാൽ മേൽപ്പറഞ്ഞ വാക്യത്തിൽ പൗലോസ് പറയുന്നതൊന്നു നാം ശ്രദ്ധിക്കണം. കാരണം അവിടെ ജീവിച്ചാലും മരിച്ചാലും അത് ഒരേ ഒരു കാര്യത്തെ ആധാരമാക്കിയായിരിക്കും എന്നതാണ് അവിടുത്തെ പ്രത്യേകത. അതാണ് ജീവിതം ക്രിസ്തുവും മരണം നേട്ടവും എന്ന് പൗലോസിനെ പറയുവാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകം. ഈ പ്രത്യേകതയായിരിക്കണം ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഉടനീളം ഉണ്ടാവേണ്ടത്. ജീവിതവും മരണവും ഒരേപോലെ ക്രിസ്തുവിൽ ആശ്രയിച്ച് കഴിക്കുന്ന ഒരു അനുഭവം. ഇന്ന് ഈ ലോകവാസികളായിരിക്കുന്ന എന്നാൽ വിശ്വാസി സമൂഹമെന്ന് ഉറച്ച് നടക്കുന്ന നാം ഓരോരുത്തർക്കും എത്രത്തോളം പൗലോസിനെ പോലെ അത് ജീവിതത്തിൽ ഏറ്റെടുക്കുവാൻ കഴിയും.

പൗലോസിന്റെ ജീവിതത്തിലേക്ക് നോക്കുകയാണെങ്കിൽ (ഫിലിപ്പ്യർ 3:4-6 വരെ വായിക്കുക) അവനെ കഴിഞ്ഞ് ആളില്ല എന്നു വേണം പറയാൻ. എല്ലാം കൊണ്ടും എന്തിനും യോഗ്യനായ ഒരുവൻ. എന്നാൽ കർത്താവിന്റെ കരങ്ങളിൽ അവൻ ആകും വരെ അവന് ഈ ലോകപ്രകാരമുള്ള യോഗ്യതകളായിരുന്നു വലിയത്. എന്നാൽ തുടർന്നു വായിക്കുമ്പോൾ നമുക്ക് കാണാം ‘എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.’ ഇന്ന് വാസ്തവത്തിൽ ഇപ്രകാരം നമുക്കുള്ളതെല്ലാം ക്രിസ്തു നിമിത്തം ചേതമെന്നെണ്ണാനുള്ള ഒരു മനസ്സ് നമുക്കുണ്ടോ? ഒരു പക്ഷെ നാം നമുക്ക് ജീവിതത്തിൽ അത്ര പ്രാധാന്യമുള്ളതൊന്നും വിട്ടു കളയാതെ ചില അപ്രാധാന്യമായതിനെ ചേതം എന്നു എണ്ണിയെന്നിരിക്കും. എന്നാൽ ദൈവത്തിന്റെ വചനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട് ‘ഒരുവൻ എന്നെ അനുഗമിപ്പാൻ

ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിപ്പീൻ.' ഇന്നു നമുക്ക് ഈ ഒരു അനുഭവത്തിൽ ആവാൻ കഴിയുന്നുണ്ടോ എന്ന് ഒരു സ്വയം പരിശോധന ചെയ്യുന്നത് നന്നായിരിക്കും.

ഇന്നു ഈ ലോകത്തിലായിരിക്കുമ്പോൾ നാം സർവ്വതും ക്രിസ്തുവിൽ ചപ്പും ചവറും എന്ന് എണ്ണിയെങ്കിൽ മാത്രമേ മരണം എന്ന യാഥാർഥ്യത്തെ, അതു എന്റെ കർത്തന്റെ അടുക്കലേക്കുള്ള പ്രയാണത്തിന്റെ അവസാന ഘട്ടമാണെന്നും അതിനെ സന്തോഷത്തോടെ കാണുവാനും കഴിയുകയുള്ളൂ. പൗലോസ് അദ്ധ്യായം 1 ൽ തുടർന്നുള്ള വചനങ്ങളിൽ പറയുന്നുണ്ട്, വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ ആഗ്രഹിക്കുന്നു എങ്കിലും താൻ ജഡത്തിൽ ഇരിക്കുന്നത് ഫിലിപ്പ്യ സഭയെ സംബന്ധിച്ചിടത്തോളം ആവശ്യമായിരിക്കുന്നു എന്നുള്ളത് ദൈവനിയോഗമാണെന്നുള്ള ഒരു ഉറപ്പാണ് പൗലോസ് അവിടെ വ്യക്തമാക്കുന്നത്. അതിനാൽ പ്രിയമുള്ളവരെ, നാം ഈ ലോകത്തിൽ ആയിരിപ്പാൻ ദൈവം നമുക്ക് തന്നിരിക്കുന്ന അവസരം അതു നമ്മുടെ സ്വന്ത ഇഷ്ടങ്ങൾക്കനുസരിച്ച് പോകുവാനുള്ളതല്ല എന്നു മനസ്സിലാക്കി, നമ്മുടെ ജീവിതം കൊണ്ടുള്ള ദൈവത്തിന്റെ പദ്ധതി എന്തെന്ന് അവനിൽ നിന്നു ചോദിച്ചു മനസ്സിലാക്കി അതിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാൻ ശ്രമിക്കണം. കാരണം അവൻ നമ്മെ തിരിച്ച് അവന്റെ അടുക്കലേക്ക് എന്നു വിളിക്കുമെന്നുള്ളത് നമുക്കറിയില്ല. ആ പ്രതീക്ഷയോടെ ആവണം നമ്മുടെ ഓരോ നിമിഷവും ജീവിതത്തെ ക്രമീകരിക്കുവാൻ. എങ്കിൽ മാത്രമേ നമുക്ക് പൗലോസിനെ പോലെ പറയുവാൻ സാധിക്കുകയുള്ളൂ 'എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു'' എന്ന്. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ അവനിലൂടെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

ഗലാത്യർ 2:20

**''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു.''**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 079**